**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6792** **21-03-2023 - ൽ മറുപടിയ്ക്ക്**

**കരിയർ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ എംപ്ലോയ്മെൻറ് സർവീസ് മുഖാന്തരം നടപ്പിലാക്കുമെന്ന് മുൻ സർക്കാർ പ്രഖ്യാപിച്ച കരിയർ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) | കരിയർ നയം പ്രഖ്യാപിച്ചിട്ടില്ല. കരിയർ നയം പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | എല്ലാ ജില്ലകളിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിക്കും എന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | എല്ലാ ജില്ലകളിലും കരിയർ ഡവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. നിലവിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലപ്പുഴ ജില്ലയിലെ കായംകുളം തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ, കൊല്ലം ജില്ലയിലെ കൊട്ടാരക്കര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിച്ച് പ്രവർത്തിച്ച് വരുന്നു. കൂടാതെ തൃശ്ശൂർ ജില്ലയിലെ ചേലക്കര, തിരുവനന്തപുരം ജില്ലയിലെ കരമന, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ എന്നിവിടങ്ങളിൽ കരിയർ ഡവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ ഭാഗമായി കരിയർ ഇൻഫർമേഷൻ ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; ഇതിനായി പ്രത്യേക സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളുടെ ഭാഗമായി കരിയർ ഇൻഫർമേഷൻ ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടില്ല. കരിയർ ഡെവലപ്പ്മെന്റ് സെന്ററുമായി ബന്ധപ്പെട്ട് CDCMS എന്ന സോഫ്റ്റ് വെയർ KASE, KELTRON എന്നിവ മുഖേന തയ്യാറാക്കി വരുകയാണ്. നിലവിൽ സോഫ്റ്റ് വെയറിന്റെ സെക്യൂരിറ്റി ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | കരിയർ റിസർച്ചിനായി എംപ്ലോയ്മെൻറ് വകുപ്പിന് കീഴിൽ ക്രെഡിറ്റ് എന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ക്രെഡിറ്റ് സംവിധാനം നിലവിൽ വന്നിട്ടില്ല. ക്രെഡിറ്റ് കരിയർ നയത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ